മുൻകൂർ രണ്ട് തവണ പത്ര പരസ്യം നൽകുകയും, അഡ്മിഷൻ ക്ലോസ് ചെയ്യേണ്ട അവസാന ദിവസം വരെ പ്രതീക്ഷിക്കുകയും ചെയ്ത ശേഷം, ആ ദിവസം തന്നെ എസ്.സി/എസ്.ടി ഒഴിവുള്ള സീറ്റുകളിൽ മറ്റ് വിഭാഗത്തിലുള്ള അപേക്ഷകർക്ക് പ്രവേശനം നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് ഡയറക്ടർക്കുള്ള കത്ത് ഗവ:/പ്രൈവറ്റ് ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ നോഡൽ ഓഫീസർക്ക് നൽകേണ്ടതാണ്.

നോഡൽ ഓഫീസർമാർ ഗവ:/പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാരിൽ നിന്നും ലഭിയ്ക്കുന്ന ഇത്തരം അപേക്ഷകൾ വിശദമായി പരിശോധിച്ച് സർക്കാർ ഉത്തരവിൽ പറയുന്ന എല്ലാ നിബന്ധനകളും പാലിച്ചിട്ടുണ്ടെങ്കിൽ അഡ്മിഷൻ നൽകുന്നതിന് താൽക്കാലികമായി അനുവാദം നൽകേണ്ടതും ആയതിന്റെ വിവരം (അപേക്ഷ സഹിതം) സാധൂകരണം നൽകുന്നതിന് 2 ദിവസത്തിനുള്ളിൽ ഡയറക്ടറേറ്റിൽ അയച്ച് തരേണ്ടതുമാണ്. ഈ വർഷത്തെ അഡ്മിഷൻ ക്ലോസിംഗ് തീയതി **31-08-2011** ആണ്. **31-08-2011-ന് ശേഷം** അഡ്മിഷൻ നൽകാൻ പാടുള്ളതല്ല.

വിശ്വസ്തതയോടെ,

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

പകർപ്പ് :

എല്ലാ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക്
(കത്തിന്റെ പകർപ്പ് താങ്കളുടെ പരിധിയിൽ വരുന്ന
എല്ലാ ഗവ:/പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക്
അയച്ചുകൊടുക്കേണ്ടതും കൈപ്പറ്റ് രസീത് വാങ്ങി അയച്ചു
തരേണ്ടതുമാണ്. കത്തിലെ നിർദ്ദേശങ്ങൾ കൃത്യമായി
പാലിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ
നടപടികൾ സ്വീകരിക്കുന്നതുമാണ്) 23-12-2010 സർക്കാർ ഉത്തരവിന്റെ
പകർപ്പ് ഉള്ളടക്കംചെയ്യുന്നു.)
എല്ലാ ട്രെയിനിംഗ് ഇൻസ്പെക്ടർമാർക്കും
(കത്തിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടോ എന്ന്
പരിശോധിക്കേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നോഡൽ
ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് നൽകേണ്ടതുമാണ്.)